പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 62

# 2007-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അൻപത്തി എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നാലാം പട്ടികയ്ക്കുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20), നാലാം പട്ടികയിൽ "സാധാരണ ശിക്ഷകൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള പട്ടികയിൽ, (1)-ാം കോളത്തിൽ, 447-ാം വകുപ്പിനെതിരെ (4)-ാം കോളത്തിലുള്ള, "പതിനായിരം രൂപ" എന്ന വാക്കുകൾക്കുപകരം, "ലൈസൻസ് ഫീസിന്റെ മൂന്നിരട്ടിയോ രണ്ടായിരം രൂപയോ, ഏതാണ് കുറവ് അത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പ്രസ്തുത ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ലൈസൻസ് കൂടാതെയോ ലൈസൻസിന് വിരുദ്ധമായോ സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആക്റ്റിലെ 4-ാം പട്ടിക അനുസരിച്ച് ഇത് ലംഘിക്കുന്നവർക്ക് ചുമത്താവുന്ന പിഴ 10,000 രൂപയാണ്.

2. ചെറുകിട കച്ചവടക്കാരിൽ നിന്നും വൻകിട സൂപ്പർമാർക്കറ്റ് ഉടമകളിൽ നിന്നും ഒരേ നിരക്കിലുള്ള പിഴ ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. പെട്ടിക്കടപോലുള്ള ചെറിയ വ്യാപാരം നടത്തുന്നവർക്ക് ഈ വ്യവസ്ഥ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്.

120/2007.

3. ആയതിനാൽ, പിഴ, ലൈസൻസ് ഫീസിന്റെ മൂന്നിരട്ടിയും എന്നാൽ രണ്ടായിരം രൂപയിൽ കവിയാതെയും ഈടാക്കുന്നതിനായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ നാലാം പട്ടിക ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

4. മേൽപറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

| ** | ** | ** | ** |
| ** | ** | ** | ** |

### നാലാം പട്ടിക

[275(2)-ാം വകുപ്പും 511-ാം വകുപ്പും കാണുക]

സാധാരണ ശിക്ഷകൾ

| വകുപ്പ് | ഉപവകുപ്പ് | വിഷയം | ചുമത്താവുന്ന പിഴ |
|---|---|---|---|
| ** | ** | ** | ** |
| ** | ** | ** | ** |
| 447 | (1) | ലൈസൻസ് കൂടാതെയോ ലൈസൻസിനു വിരുദ്ധമായോ ഇതിലേക്കായി ഉണ്ടാക്കിയ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനായി ഒരു സ്ഥലം ഉപയോഗിക്കുന്നതിന് | പതിനായിരം രൂപ |
| ** | ** | ** | ** |
| ** | ** | ** | ** |